ഉത്തരം

(എ) ഒരു ക്ലാസ്സിൽ 25-ൽ കുറവ് കുട്ടികളുള്ള സ്കൂളുകളാണ് അനാദായകരം എന്ന് കേരള വിദ്യാഭ്യാസ ചട്ടത്തിൽ വിവക്ഷിച്ചിട്ടുള്ളത്. ഇത്തരത്തിൽ 5252 സ്കൂളുകൾ സംസ്ഥാനത്തുണ്ട്. അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി മേൽപ്പറഞ്ഞ വ്യവസ്ഥയിൽ താല്ക്കാലിക ഇളവ് വരുത്തിയതു പ്രകാരം 15-ൽ താഴെ കുട്ടികളുള്ള സ്കൂളുകളെയാണ് അനാദായകരമായി കണക്കാക്കുന്നത്. ഇത്തരത്തിൽ 3531 സ്കൂളുകൾ നിലവിൽ ഉണ്ട്.

(ബി-ഡി) പത്തിൽ താഴെ കുട്ടികളുള്ള 191 സ്കൂളുകൾ സംസ്ഥാനത്തുണ്ട്. ഇവ അടച്ചുപൂട്ടാൻ നയപരമായ തീരുമാനം സർക്കാർ എടുത്തിട്ടില്ല.

സർക്കാർ സ്കൂളുകളുടെ മേൽക്കൂര

74 (4691) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിൻ കീഴിൽ പുറപ്പെടുവിച്ച ചട്ടങ്ങളിലെ 8(5)-ൽ സർക്കാർ സ്കൂളുകളുടെ മേൽക്കൂര ആസ്ബസ്റ്റോസ്/ടിൻ ഷീറ്റ് എന്നിവ ഉപേയാഗിച്ചിട്ടുള്ളതാണെങ്കിൽ ആയത് നിയമം നിലവിൽവന്ന് ഒരു വർഷത്തിനുള്ളിൽ മാറ്റണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിലുള്ള സ്കൂളുകളെ സംബന്ധിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) പത്തനംതിട്ട ജില്ലയിലെ തിരുവല്ല വിദ്യാഭ്യാസ ജില്ലയുടെ കീഴിൽ പ്രവർത്തിക്കുന്ന പരുമല ഗവൺമെന്റ് എൽ.പി. സ്കൂളിന്റെ മേൽക്കൂര ആസ്ബസ്റ്റോസ്/ടിൻ ഷീറ്റ് ഉപയോഗിച്ചുള്ളതാണെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത സ്കൂളിന്റെ നിലവിലെ റ്റിൻഷീറ്റ് മേൽക്കൂര മാറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവര ശേഖരണം നടത്തിവരുന്നു.

(സി) ഉണ്ട്.

(ഡി) സ്കൂളിന്റെ നിലവിലെ മേൽക്കൂര മാറ്റി അലൂമിനിയം ജി1 ഷീറ്റിന്റെ മേൽക്കൂര ആക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly